

കേരള സർക്കാർ

തച്ചനാട്ടുകര ഗ്രാമപഞ്ചായത്ത്

ഓഡിറ്റ് റിപ്പോർട്ട്

2015-16

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം

പാലക്കാട്

E-mail:-dopkd.ksad@kerala.gov.in

(രജിസ്റ്റർ ചെയ്തു കൈപ്പറ്റു ചീട്ടു സഹിതം)

നം.കെ.എസ്.എ-പികെഡി9/120/2017

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം, പാലക്കാട്

തീയതി-31.01.2017

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)

തച്ചനാട്ടുകര ഗ്രാമ പഞ്ചായത്ത്

സർ,

വിഷയം : തച്ചനാട്ടുകര ഗ്രാമ പഞ്ചായത്ത്- 2015-16 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം തച്ചനാട്ടുകര ഗ്രാമ പഞ്ചായത്തിന്റെ 2015-16 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഇമെയിൽ മുഖേന)
2)പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, പാലക്കാട്

3)കാര്യാലയ പകർപ്പ്

നം.കെ.എസ്.എ-പികെഡി9/120/17തീയതി-31.01.2017

പാലക്കാട് ജില്ലയിലെ തച്ചനാട്ടുകര ഗ്രാമപഞ്ചായത്തിന്റെ 2015-16 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4), 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

പാലക്കാട് ജില്ലയിലെ തച്ചനാട്ടുകര ഗ്രാമപഞ്ചായത്തിന്റെ 2015-16 സാമ്പത്തിക വർഷത്തെ ഭരണവും സാമ്പത്തിക നിയന്ത്രണങ്ങളും സംബന്ധിച്ച കാര്യങ്ങളും ധനകാര്യപത്രികയും ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. ഗ്രാമപഞ്ചായത്തിന്റെ 08/2016തിയ്യതി വരെയുള്ള വരവ് ചെലവ് കണക്കുകളുടെ വിശദമായ പരിശോധന പെർഫോമൻസ് ഓഡിറ്റ് വിഭാഗം പരിശോധിച്ച് ------ന് റിപ്പോർട്ട് പുറപ്പെടുവിച്ചിട്ടുള്ളതാണ്. പഞ്ചായത്ത് 25-07-2016 മുതൽ 28-11-2016 തിയ്യതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയിൽ പ്രസക്തമായ അപാകതകെളാന്നും റിപ്പോർട്ട് ചെയ്തിട്ടില്ലാത്തതിനാൽ താഴെ പറയുന്ന രശീതികളുടെ പരിശോധനയും 03-2016 മാസത്തെ വിവിധ അക്കൌണ്ടുകളിലെ പിൻവലിക്കലുകളും മാത്രമാണ് ഓഡിറ്റിൽ പരേിശാധിച്ചിട്ടുള്ളത്.

രസീത് ഇനം	പരിശോധിച്ച രശീതികൾ	ഉപയോഗിച്ച ആകെ രശീതികളുടെ എണ്ണം
സാംഖ്യ രസീത്	മുതൽ വരെ	
മാനവൽ രസീത് ബുക്കുകൾ	മുതൽ വരെ	

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറി പ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയതിന് ലഭ്യമായ മറുപടി പരിഗണിച്ച ശേഷം നില നിൽക്കുന്ന പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർനടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകൾ/ രേഖകൾ/ വിവരങ്ങൾ/വിശദീകരണം കേരള പഞ്ചായത്ത് രാജ് (പരിശൊധനാ രീതിയും ഓഡിറ്റ് സംവിധാനവും) ചട്ടങ്ങളിൽ നിർദ്ദേശിച്ച പ്രകാരമുള്ള പെർഫോമൻസ് ഓഡിറ്റിൽ പരിശോധനയ്ക്ക് വിധേയമാക്കിയ വിവരങ്ങൾ/ഓഡിറ്റ് റിപ്പോർട്ട് /ഗ്രാമപഞ്ചായത്തിൻെറ തീരുമാനം എന്നിവയുടെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

ഓഡിറ്റ് നടത്തിയതിന്റെ വിവരം നിർവ്വഹണാധികാരികൾ എന്നിവയുടെ വിവരം അനുബന്ധമായി ഉൾപ്പെടുത്തിയിട്ടുണ്ട്.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ	കെ.എൻ.വാസുദേവൻ ഡെപ്യൂട്ടി ഡയറക്ടർ
ഓഡിറ്റിന് വിനിയോഗിച്ച സമയം	29.11.2016മുതൽ 9.12.2016 വരെ
ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ	ശ്രീ.എൻ.സുമേഷ്, ഓഡിറ്റ് ഓഫീസർ ശ്രീ.ശ്രീജിത്.പി.ഡി, സീനിയർ ഗ്രേഡ് ഓഡിറ്റർ ഉഷാകുമാരി.വി.ടി, സീനിയർ ഗ്രേഡ് ഓഡിറ്റർ

(ബി)നിർവ്വഹണാധികാരികൾ

പ്രസിഡന്റ്	ശ്രീമതി.ടി.സരോജിനി	1.4.2015മുതൽ 31.10.2015 വരെ
സെക്രട്ടറി	ശ്രീ.പി.സിഫി, അസി.സെക്രട്ടറി, സെക്രട്ടറിയുടെ ചാർജ്ജ്	1.4.2015മുതൽ 26.07.2015 വരെ
	ആർ.ശ്രീരാജ്	26.07.2015 മുതൽ 21.08.2015 വരെ
	ശ്രീ.പി.സിഫി, അസി.സെക്രട്ടറി, സെക്രട്ടറിയുടെ ചാർജ്ജ്	22.08.2015 മുതൽ 6.12.2015 വരെ
	ശ്രീ.മുഹമ്മദ് ഷാഫി	7.12.2015 മുതൽ 31.03.2016 വരെ
ഉദ്യോഗപ്പേര്	പേര്	കാലയളവ്
അസി.എൻജിനീയർ	ശ്രീ. വെള്ളിയങ്കിരി.ആർ	1.4.2015 മുതൽ വരെ
	ശ്രീ.ബഷീർ	മുതൽ 31.03.2016 വരെ
വി.ഇ.ഒ	ശ്രീ.പി.അബ്ദുൾ ഗഫൂർ	1.4.2015 മുതൽ 31.3.2016 വരെ
വെറ്ററിനറി സർജൻ	ഡോ.കെ.പി.ജയചന്ദ്രൻ	1.4.2015 മുതൽ 31.3.2016 വരെ
മെഡിക്കൽ ഓഫീസർ (ആയുർവേദം)	ഡോ.എം.എ. അസ്മാബി	1.4.2015 മുതൽ 31.3.2016 വരെ
കൃഷി ഓഫീസർ	ശ്രീമതി.റീജ.എം.എസ്	1.4.2015 മുതൽ 31.3.2016 വരെ
ഡയറി എക്സ്റ്റൻഷൻ ഓഫീസർ	ശ്രീമതി.ദിവ്യ.പി	1.4.2015 മുതൽ 31.3.2016 വരെ
ഐ.സി.ഡി.എസ്. സൂപ്പർവൈസർ	ശ്രീമതി.വൽസല കുമാരി. പി.കെ	1.4.2015 മുതൽ 5.1.2016 വരെ
	ശ്രീമതി.നജീബ. കെ.ടി	6.1.2016 മുതൽ

		25.1.2016 വരെ
	ഹാജിറ ബീവി. സി.എം	26.1.2016 മുതൽ 31.3.2016 വരെ
മെഡിക്കൽ ഓഫീസർ (അലോപ്പതി)	ഡോ.കെ.വി.ഷാനവാസ്	1.4.2015 മുതൽ 31.3.2016 വരെ
ഹെഡ് മാസ്റ്റർ	ശ്രീമതി.ബാലാമണി	1.4.2015 മുതൽ 31.3.2016 വരെ
അസിസ്റ്റന്റ് സെക്രട്ടറി	ശ്രീ.സിഫി.പി	1.4.2015 മുതൽ 31.3.2016 വരെ

ഉള്ളടക്കം

ഭാഗം 1

ഭരണവും സാമ്പത്തിക നിയന്ത്രണവും സംബന്ധിച്ച കാര്യങ്ങളുടെ പൊതു അവലോകനം.

ക്രമ നം.	ഇനം	ഖണ്ഡിക നമ്പർ
1	ബജറ്റ്	1(1)
2	വാർഷിക ധനകാര്യപത്രിക	1(2)
3	വാർഷിക ധനകാര്യപത്രിക പരിശോധിച്ച് ഓഡിറ്റ് സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം.	1(3)
4	സാമ്പത്തിക വിശകലനം	1(4)
5	ഫണ്ട് വിനിയോഗം	1(5)
6	പദ്ധതി അവലോകനം	1(6)
7	തനത് വരുമാനം	1(7)
8	ക്ഷേമപദ്ധതികൾ	1(8)
9	ക്യാഷ് വെരിഫിക്കേഷൻ	1(9)
10	മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം	1(10)
11	അനുബന്ധ പത്രിക	1(11)

ഭാഗം-II

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 14-ാം വകുപ്പ്, കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 19 (1)1996 ലെ കേരള പഞ്ചായത്ത് രാജ് (പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും) ചട്ടങ്ങളിലെ ചട്ടം 13, എന്നിവ പ്രകാരമുള്ള പരിശോധനയിൽ വരവിനങ്ങളിൻമേലുള്ള ഓഡിറ്റ് പരാമർശങ്ങൾ

ക്രമ നം.	ഇനം	ഖണ്ഡിക നമ്പർ
1	ഡി&ഒ ലൈസൻസ് ഫീ സംബന്ധിച്ച അപാകതകൾ	2(1)
2	തൊഴിൽ നികുതി സംബന്ധിച്ച അപാകതകൾ	2(2)
3	പഞ്ചായത്തിന്റെ പരിധിയിലുള്ള മൊബൈൽ ടവറുകളുടെ വിശദാംശം സമർപ്പിക്കാത്തതു സംബന്ധിച്ച്	2(3)
4	മാവേലി സ്റ്റോറിൽ നിന്നും വാടക ഈടാക്കാത്തതു സംബന്ധിച്ച്	2(4)

ഭാഗം-III

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 14-ാം വകുപ്പ്, കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 19 (2)1996 ലെ കേരള പഞ്ചായത്ത് രാജ് (പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും) ചട്ടങ്ങളിലെ ചട്ടം 13, എന്നിവ പ്രകാരമുള്ള പരിശോധനയിൽ കണ്ടെത്തിയ ചെലവിനങ്ങളിൻമേലുള്ള ഓഡിറ്റ് പരാമർശങ്ങൾ

ക്രമ നം.	ഇനം	ഖണ്ഡിക നമ്പർ
1	മാനുദണ്ഡങ്ങൾ പാലിക്കാതെ ലാപ്ടോപ്പ് വിതരണം – 41855/- രൂപ നിരാകരിക്കുന്നു	3(1)
2	പദ്ധതിയുടെ വിഭവ സ്രോതസ്സായി തനത് ഫണ്ട് വകയിരുത്തൽ-യഥാർത്ഥ വരവുമായി പൊരുത്തപ്പെടുന്നില്ല.	3(2)
3	മുഴുവൻ തെരുവു വിളക്കുകൾക്കും മീറ്ററിംങ് സംവിധാനം ഏർപ്പെടുത്തേണ്ടതാണ്.	3(3)
4	ആശ്രയ പദ്ധതി- അവലോകനം	3(4)
5	ഭവന നിർമ്മാണം പൂർത്തിയാക്കുന്നതിന് നടപടി സ്വീകരിക്കണം	3(5)

ഭാഗം-IV

ഓഡിറ്റ് പ്രത്യവലോകനം

ക്രമ നം.	ഇനം	ഖണ്ഡിക നമ്പർ
1	സംയുക്ത പ്രോജക്റ്റുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം	4(1)
2	ഡെപ്പോസിറ്റ് വർക്കിന് നൽകിയ തുകകൾ	4(2)
3	മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്	4(3)
4	വായ്പ/വായ്പ തിരിച്ചടവ്	4(4)
5	സ്ഥിരനിക്ഷേപങ്ങൾ	4(5)
6	ഓഡിറ്റ് റിക്കവറി	4(6)
7	സമാഹൃത ഓഡിറ്റ് റിപ്പോർട്ടുകളിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിശദാംശം.	4(7)
8	ആശുപത്രി വികസന സമിതികളുടെ കണക്കുകൾ	4(8)
9	ഓഡിറ്റ് പ്രത്യവലോകനം	4(9)
10	തീർപ്പാക്കാനവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകളുടെ വിവരം	4(10)

ഭാഗം -1
പൊതു അവലോകനം
പൊതു അവലോകനം

1-1 ബജറ്റ്

2015-16 ലെ ബജറ്റ് പാസ്സാക്കിയ നം./തിയ്യതി
2/28.03.2015 1(2),29.2.2016

1-2 വാർഷിക ധനകാര്യപത്രിക.

സാമ്പത്തിക വർഷം	ഓഡിറ്റിൽ ലഭിക്കേണ്ട തീയതി	ലഭിച്ച തീയതി
2015-16	31.07.2016	30.7.2016

1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് ഓഡിറ്റ് സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം

ഓഡിറ്റ് സർട്ടിഫിക്കറ്റ് അനുബന്ധം 1-ആയി ഉൾപ്പെടുത്തിയിട്ടുണ്ട്

1-4 സാമ്പത്തിക വിശകലനം

മുൻബാക്കി	1384208
വരവ്	48146222
ആകെ	61883884
ചെലവ്	59598488
നീക്കിബാക്കി	2285396

1-5 ഫണ്ട് വിനിയോഗം

ഫണ്ടിനം	മുൻ ബാക്കി	വരവ് തുക		ആകെ തുക	ആകെ ചെലവ്	ട്രാൻസ്ഫർ ക്രഡിറ്റ്	തിരിച്ചടച്ചത്/ ലാപ്സ് ആയത്	നീക്കിബാക്കി (RP40 b പ്രകാരം)
		മറ്റ് ഫണ്ടുകളിൽ നിന്ന് TC ആയി വന്ന തുക	അലോക്കേഷൻ വരവ്					
വികസന ഫണ്ട് (ജനറൽ)	1288943	3826038	8770909	13885890	9450697	0	4435193	0
വികസന ഫണ്ട് (എസ്.സി.പി)	2354761	0	7094000	9448761	7370708	1548547	529506	0
വികസനഫണ്ട് (ടി.എസ്.പി)	0	0	0	0	0	0	0	0
സംരക്ഷണ ഗ്രാന്റ് (റോഡ്)	772093	0	14925000	15697093	14900396	0	796697	0
സംരക്ഷണ ഗ്രാന്റ് (റോഡിതരം)	2249312	0	2401000	4650312	2316954	0	2333358	0
ധനകാര്യ കമ്മീഷന്റ് അവാർഡ്	334741	0	4279357	4614098	3902461	692216	19421	0
ലോകബാങ്ക് സഹായം	2472000	0	1585275	4057275	2398516	1585275	73484	0

1-6 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

അംഗീകാരം ലഭിച്ചത്	നടപ്പാക്കിയത്	ഭാഗികമായി നടപ്പാക്കിയത്	നടപ്പാക്കാത്തവ	പൂർത്തീകരിച്ച പദ്ധതികളുടെ ശതമാനം
222	183	0	39	82.43%

നിർവ്വഹണ ഉദ്യോഗസ്ഥർ	പദ്ധതികളുടെ എണ്ണം	നടപ്പാക്കിയത്	ആകെ അടങ്കൽ തുക	ചെലവഴിച്ച തുക	ചെലവ് %
സെക്രട്ടറി	10	5	7183166	3688115	51%
അസി.സെക്രട്ടറി	9	6	3795000	1647037	43%
അസി.എഞ്ചിനിയർ	167	143	32207139	25964348	81%
മെഡിക്കൽ ഓഫീസർ (പി.എച്ച്.സി.)	7	5	748000	615296	82%
മെഡിക്കൽ ഓഫീസർ (ആയുർവേദം)	1	1	200000	200000	100%
വെറ്റിനറി സർജൻ	0	0	0	0	0
കൃഷി ഓഫീസർ	7	4	1710000	812000	47%
ICDS സൂപ്പർവൈസർ	4	4	2655025	2285240	80%
വി.ഇ.ഒ	12	10	12180000	8981401	74%
ഹെഡ് മാസ്റ്റർ	4	4	1258756	1189733	95%
ഡയറി ഫാം ഇൻസ്ട്രക്ടർ	1	1	125000	125000	100%
ആകെ:	222	183	62062086	45508170	73.33%

1-7 തനത് വരുമാനം.

ഇനം	മുൻവർഷം (2014-15)	തൻവർഷം	വ്യത്യാസം	% (+)/(-)
നികുതി വരവുകൾ	1625204	2471493	846289	+52
നികുതിയേതര വരവുകൾ	270172	611772	341600	+126
ആകെ	1895376	3083265	1187889	+63

1-8 സാമൂഹ്യക്ഷേമ പദ്ധതി മുഖേനയുള്ള നിർവ്വഹണത്തിലെ കാര്യപ്രാപ്തി.

ക്രമ നം.	പദ്ധതി	2015-16 ൽ ലഭിച്ച അപേക്ഷകൾ	നിശ്ചിത ദിവസത്തിനകം തീരുമാന മെടുത്തവ	നിരസിച്ചവ	കാലതാമസമു ണ്ടെങ്കിൽ പരിഹാര മാർഗ്ഗം
1	കർഷകത്തൊഴിലാളി പെൻഷൻ	10	6	4	
2	തൊഴിൽ രഹിത വേതനം	42	26	16	
3	വിധവാ പെൻഷൻ	80	70	10	
4	വികലാംഗ പെൻഷൻ	14	12	2	
5	അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ	7	6	1	
6	വാർദ്ധക്യകാല പെൻഷൻ	200	173	27	

1-9 ക്യാഷ് വെരിഫിക്കേഷൻ

1994ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 6(4) പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 29-11-2016ന് സ്ഥാപനത്തിലെ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തി. നീക്കിയിരിപ്പിന്റെ കൃത്യത പരിശോധിച്ച് ബോധ്യപ്പെട്ടു.

1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

ക്രമ നം	ഓഡിറ്റ്	അവസാനം ഓഡിറ്റ് നടത്തിയ തീയ്യതി	ഓഡിറ്റ് കാലയളവ്	റിപ്പോർട്ട് ലഭിച്ച തീയ്യതി	ഗുരുതരമായ ഓഡിറ്റ് പരാമർശങ്ങൾ
1	പെർഫോമൻസ് ഓഡിറ്റ്		മുതൽ വരെ	ലഭിച്ചിട്ടില്ല	-
2	അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ്	18.2.2014	2008-09 മുതൽ 2012-13 വരെ	22.4.2014	-

1-11 അനുബന്ധ പത്രിക

അനുബന്ധം-1: ഓഡിറ്റ് സർട്ടിഫിക്കറ്റ്

ഭാഗം -2
വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

2-1 ഡി&ഒ ലൈസൻസ് ഫീ സംബന്ധിച്ച അപാകതകൾ

ഓഡിറ്റ് കാലയളവിലെ ഡി&ഒ ലൈസൻസ് ഫീ പരിശോധനയിൽ താഴെ കാണും പ്രകാരമുള്ള ചില അപാകതകൾ കാണുന്നു

1. പഞ്ചായത്ത് വാർഡുതിരിച്ചുള്ള ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കിയിട്ടില്ലാത്തതിനാൽ ലൈസൻസില്ലാതെ ഏതെങ്കിലും സ്ഥാപനം പ്രവർത്തിക്കുന്നുണ്ടോയെന്ന് ഉറപ്പുവരുത്താൻ കഴിഞ്ഞിട്ടില്ല . കേ പ രാ ആക്ട് സെക്ഷൻ 232(1) പ്രകാരം ഗ്രാമ പഞ്ചായത്തു നൽകുന്ന ലൈസൻസില്ലാതെയും, ലൈസൻസിലെ നിബന്ധനകൾക്കു വിരുദ്ധമായും പഞ്ചായത്തിലെ യാതൊരു സ്ഥലവും ഉപയോഗിക്കുവാൻ പാടില്ല. ഈ വ്യവസ്ഥ പാലിക്കേണ്ടതും, വാർഡുതിരിച്ചുള്ള ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കി ഗ്രാമപഞ്ചായത്ത് പരിശോധിയിലുള്ള മുഴുവൻ കച്ചവടങ്ങൾ, വ്യവസായ സ്ഥാപനങ്ങൾ. മറ്റു വ്യാപാരസ്ഥാപനങ്ങൾ മുതലായവ ഗ്രാമപഞ്ചായത്ത് നൽകുന്ന ലൈസൻസോടു കൂടിയാണ് പ്രവർത്തിക്കുന്നതെന്നും ഉറപ്പാക്കേണ്ടതാണ്.

1. നിയമപ്രകാരം വേണ്ട നിരാക്ഷേപ പത്രങ്ങളില്ലാതെ ചില സ്ഥാപനങ്ങൾക്ക് ലൈസൻസ് ഫീ അനുവദിച്ചതായി കണ്ടു. ഉദാഹരണങ്ങൾ ചുവടെ കൊടുക്കുന്നു

ക്രമം	അപേക്ഷകൻ	സ്ഥാപനം	സമർപ്പിക്കാത്ത നിരാക്ഷേപ പത്രം
1	ടി.പി.മുഹമ്മദ്	ടി.പി.എം വെട്ടുകൽ കച്ചവടം	റവന്യൂ വകുപ്പിന്റെ പൊസ്സഷൻ സർട്ടിഫിക്കറ്റ്
2	പി.ടി.വി. മുസ്തഫ	പി.ടി.വി. ഗ്രാനൈറ്റ്സ്	1. റവന്യൂ വകുപ്പിന്റെ പൊസ്സഷൻ സർട്ടിഫിക്കറ്റ് 2. മൈനിംഗ് & ജിയോളജി വകുപ്പിന്റെ അനുമതി
3	അബു സമദ്	അറഫ ലാറ്ററൈറ്റ്	1. റവന്യൂ വകുപ്പിന്റെ പൊസ്സഷൻ സർട്ടിഫിക്കറ്റ് 1. മൈനിംഗ് & ജിയോളജി വകുപ്പിന്റെ അനുമതി
4	സുകുമാരിയമ്മ	സുകുമാരി പൌൾട്രി ഫാം	ബിൽഡിംഗ് പ്ലാൻ

ആയതിനാൽ പഞ്ചായത്ത്, വാർഡുകൾ തിരിച്ചുള്ള ഒരു ട്രേഡേഴ്സ് ലിസ്റ്റ് ഉടൻ തന്നെ തയ്യാറാക്കി നിർവ്വഹണ ഉദ്യോഗസ്ഥന്റെ സാക്ഷ്യപ്പെടുത്തൽ സഹിതം എഴുതി സൂക്ഷിക്കേണ്ടതും, ഡി&ഒ ലൈസൻസിനുള്ള അപേക്ഷകളിൽ നിയമ പ്രകാരമുള്ള നിരാപേക്ഷ പത്രങ്ങൾ ഉണ്ടോയോന്ന് ഉറപ്പു വരുത്തേണ്ടതുമാണ്. (എൻകമ്പറി നം 3/ 7.12.2016 പ്രകാരം ഇക്കാര്യം പഞ്ചായത്ത് അധികൃതരെ അറിയിച്ചിട്ടുണ്ട്)

2-2 തൊഴിൽ നികുതി സംബന്ധിച്ച അപാകതകൾ

ഓഡിറ്റ് കാലയളവിലെ തൊഴിൽ നികുതി പരിശോധനയിൽ താഴെ കാണും പ്രകാരമുള്ള ചില അപാകതകൾ ശ്രദ്ധയിൽ പെട്ടിട്ടുണ്ട് വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു

1. മാവേലി സ്റ്റോർ, സർവ്വീസ് കോ-ബാങ്ക് ചെത്തല്ലൂർ(3 സ്ഥാപനങ്ങൾ), ബി.എസ്.എൻ.എൽ, അണ്ണാംതൊടി എന്നിവയിൽ നിന്നും സ്ഥാപന നികുതി ഈടാക്കിയതായി കാണുന്നില്ല.

1. മാവേലി സ്റ്റോർ ജീവനക്കാരിൽ നിന്നും രണ്ടാം അർദ്ധവർഷത്തെ തൊഴിൽ നികുതി ഈടാക്കിയിട്ടില്ല. സർവ്വീസ് കോ-ബാങ്ക് ചെത്തല്ലൂർ മാനേജർ ശ്രീ കെ. ആർ ദേവദാസനിൽ നിന്നും രണ്ടാം വർഷ അർദ്ധവർഷ നികുതി ഈടാക്കിയതായി കാണുന്നില്ല.
2. പഞ്ചായത്തിന്റെ അധികാര പരിധിയിൽ വരുന്ന ഐ.എൻ.ഐ.സി ഇംഗ്ലീഷ് മീഡിയം സ്കൂൾ പ്രവർത്തിക്കുന്നുണ്ടെങ്കിലും ആയതിലെ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയതായി കാണുന്നില്ല.
3. ചെത്തല്ലൂർ, പോസ്റ്റ് ഓഫീസിൽ നിന്നും ഇരു പാദങ്ങളിലെയും തൊഴിൽ നികുതി ഈടാക്കിയതായി കാണുന്നില്ല.

മേൽപറഞ്ഞ കാര്യങ്ങൾ ഓഡിറ്റ് എൻകവയറി നം 5/7.12.2106 പ്രകാരം പഞ്ചായത്ത് സെക്രട്ടറിയെ അറിയിക്കുകയും, എൻകവയറി പ്രകാരം അറിയിച്ച അടവാക്കാനുള്ള തൊഴിൽനികുതി ഈടാക്കുന്നതിനുള്ള നടപടികൾ ഉടനടി എടുക്കാമെന്ന് 9.12.2016 ലെ എ2-2322 ാം നം മറുപടിപ്രകാരം ടിയാൻ ഓഡിറ്റിനെ അറിയിക്കുകയും ചെയ്തു.

2-3 പഞ്ചായത്തിന്റെ പരിധിയിലുള്ള മൊബൈൽ ടവറുകളുടെ വിശദാംശം സമർപ്പിക്കാത്തതു സംബന്ധിച്ച്

തച്ചനാട്ടുകര പഞ്ചായത്തിന്റെ പരിധിയിലുള്ള മൊബൈൽ ടവറുകളിൽനിന്നാടാക്കിയ പെർമിറ്റ് ഫീ, ഇൻസ്റ്റലേഷൻ ഫീ എന്നിവയുൾപ്പെടെയുള്ള മുഴുവൻ വിവരങ്ങളും ആവശ്യപ്പെട്ടുകൊണ്ട് എൻകവയറി നം 4/ 7.12.2016 പ്രകാരം സെക്രട്ടറിയ്ക്ക് വിവരം നൽകിയെങ്കിലും, ആയതിന് രേഖാമൂലമുള്ള യാതൊരു മറുപടിയും ലഭ്യമാക്കിയിട്ടില്ല.
തനതു വരുമാനം വളരെ ശുഷ്കമായ പഞ്ചായത്തിൽ ഇത്തരത്തിലുള്ള വരുമാന ശ്രോതസ്സുകളെ പറ്റിയുള്ള വിശദാംശങ്ങൾ ലഭ്യമല്ല എന്നുള്ളത് ശരിയല്ല.

2-4 മാവേലി സ്റ്റോറിൽ നിന്നും വാടക ഈടാക്കാത്തതു സംബന്ധിച്ച്

പഞ്ചായത്തിലെ മാവേലി സ്റ്റോർ 15വർഷത്തിൽ കൂടുതലായി പഞ്ചായത്തു സ്വന്തമായി നിർമ്മിച്ച കെട്ടിടത്തിൽ സ്ഥിതി ചെയ്യുന്നതായി അറിയുന്നു

5.07.2006 ലെ 15289/കെ1/05കെ1/06/തസ്വഭവ നം സർക്കുലർ പ്രകാരം തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങളുടെ ആവശ്യപ്രകാരം ആരംഭിക്കുന്ന മാവേലി സ്റ്റോറുകളുടെ 2 വർഷത്തെ വാടക, തനതു ഫണ്ടിൽനിന്നോ, ജനറൽ പർപ്പസ് ഫണ്ടിൽ നിന്നോ നൽകാവുന്നതാണെങ്കിലും, അതിനുശേഷമുള്ള വാടക, വാടകക്ക് എടുത്ത അതത് സ്ഥാപനങ്ങളിൽ നിന്നും നൽകേണ്ടതാണെന്ന് നിഷ്കർഷിക്കുന്നുണ്ട്.

എന്നാൽ പഞ്ചായത്ത് ഉടമസ്ഥതയിലുള്ള കെട്ടിടത്തിൽ പ്രവർത്തിക്കുന്ന മാവേലി സ്റ്റോറിന്റെ വാടക ഈടാക്കുന്നതിനു നാളിതു വരെ നടപടി സ്വീകരിച്ചിട്ടുള്ളതായി കാണുന്നില്ല. കൂടാതെ ഈ കെട്ടിടത്തിന്റെ മുകൾ ഭാഗം കമ്മ്യൂണിറ്റി ഹാളായും പ്രവർത്തിക്കുന്നുണ്ട്.ഇതിൽ നിന്നും വരുമാനമൊന്നും ലഭിച്ചു കാണുന്നില്ല.

ആയതിനുള്ള വിശദീകരണമാവശ്യപ്പെട്ടുകൊണ്ട് നം 7/7.12.2016 പ്രകാരം ഓഡിറ്റ് എൻകവയറി സെക്രട്ടറിയ്ക്കു നൽകിയെങ്കിലും, ആയതിനു രേഖാമൂലമുള്ള മറുപടി ലഭ്യമാക്കിയിട്ടില്ല

ഭാഗം -3
ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

3-1 മാനദണ്ഡങ്ങൾ പാലിക്കാതെ ലാപ്ടോപ്പ് വിതരണം - 41885/- രൂപ നിരാകരിക്കുന്നു.

2015-16 വർഷത്തിൽ അസിസ്റ്റന്റ് സെക്രട്ടറി നിർവ്വഹണഉദ്യോഗസ്ഥനായി പട്ടികജാതി വിദ്യാർത്ഥികൾക്ക് ലാപ് ടോപ്പ് നൽകൽ എന്ന പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്.

രേഖകൾ പരിശോധിച്ചതിൽ പദ്ധതി നിർവ്വഹണത്തിൽ അപാകങ്ങളുള്ളതായി ബോധ്യപ്പെട്ടു. വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

പ്രൊ.നം-246/2016

അടങ്കൽ -720000 (പദ്ധതി വിഹിതം SCP ഫണ്ട്)

ചെലവ് -712037

വൌച്ചർ നം-21501045/11.3.2016

ഈ പദ്ധതിക്ക് വേണ്ടി DGS&D ലിസ്റ്റിലുള്ള കോഴിക്കോട് ഇൻഡസ് ഇ- മാർക്കറ്റ് എന്ന സ്ഥാപനത്തിൽ നിന്ന് 41885 രൂപ നിരക്കിൽ Thoshiba Satellite Pro എന്ന ലാപ് ടോപ്പ് 17 എണ്ണം വാങ്ങിയിട്ടുണ്ട്. ഇതിൽ ഒരെണ്ണം ഇപ്പോഴും വിതരണം ചെയ്യാതെ പഞ്ചായത്ത് ഓഫീസിൽ തന്നെ സൂക്ഷിച്ചിരിക്കുന്നതായി നേരിൽ ബോധ്യപ്പെട്ടു.

എ) 2012-2015 കാലയളവിൽ എം.ഇ.എസ് കല്ലടി കോളേജിൽ ബി.എസ്സ്.സി കെമിസ്ട്രി വിദ്യാർത്ഥിനിയായിരുന്നു എന്ന സാക്ഷ്യപത്രത്തിന്റെ അടിസ്ഥാനത്തിലാണ് ശ്രീമതി. കെ.പി.ദിവ്യ എന്ന ഗുണഭോക്താവിന് പഠനം പൂർത്തിയാക്കിയ ശേഷം 2015-16 ൽ പ്രസ്തുത പദ്ധതി പ്രകാരം ലാപ് ടോപ്പ് നല്കിയത്. അംഗീകൃത പദ്ധതി പ്രകാരം 2015-16 വർഷത്തിലെ വിദ്യാർത്ഥികൾക്ക് മാത്രമാണ് ലാപ് ടോപ്പ് നല്കാവുന്നത് എന്നിരിക്കെ ആയതിന് വിരുദ്ധമായി ചെലവഴിച്ച ആനുപാതിക തുക 41885 രൂപ ഓഡിറ്റിൽ നിരാകരിക്കുന്നു.

ബി) ഈ പദ്ധതി പ്രകാരം 30000 രൂപ യൂണിറ്റ് കോസ്റ്റിൽ ആകെ 720000 രൂപ ചെലവഴിച്ച് 24 ഗുണഭോക്താക്കൾക്ക് ലാപ് ടോപ്പ് വാങ്ങി വിതരണം ചെയ്യുന്നതിനാണ് അംഗീകാരം ലഭിച്ചിരുന്നത്. എന്നാൽ അടങ്കലിന്റെ 99% തുക ചെലവഴിച്ചിട്ടും 71% ഗുണഭോക്താക്കൾക്ക് മാത്രമാണ് ലാപ് ടോപ്പ് ലഭ്യമാക്കിയത്. 24 പേർക്ക് സേവനം നല്കുന്നതിനായി തയ്യാറാക്കിയ ഗുണഭോക്തൃലിസ്റ്റിൽ 71 പേരെയാണ് ഉൾപ്പെടുത്തിയിരുന്നത്. എന്നാൽ ഇതിൽ 17 പേർ മാത്രമായിരുന്നു അർഹത ഉള്ളവർ എന്ന് നിർവ്വഹണഘട്ടത്തിൽ മാത്രമാണ് വിലയിരുത്തപ്പെട്ടത്. എത്ര ഗുണഭോക്താക്കളുണ്ടെന്ന അടിസ്ഥാന വിവരം പോലും ശേഖരിക്കാതെ നിശ്ചിത തുക വകയിരുത്തി പദ്ധതിക്ക് അംഗീകാരം നേടുകയും വേണ്ടത്ര ഗുണഭോക്താക്കളെ കണ്ടെത്താൻ കഴിയാതെവന്നപ്പോൾ കൂടിയ യൂണിറ്റ് കോസ്റ്റുള്ള ലാപ് ടോപ്പ് വാങ്ങി പരമാവധി തുക ചെലവഴിക്കുകയുമാണ് ഉണ്ടായത് എന്ന് രേഖകളിൽ നിന്ന് വ്യക്തമാകുന്നു. പദ്ധതി നിർവ്വഹണത്തിൽ ഈ പ്രവണത പ്രോത്സാഹിപ്പിക്കാവുന്നതല്ല. ആയതിനാൽ അംഗീകൃത പദ്ധതി പ്രകാരമുള്ള യൂണിറ്റ് കോസ്റ്റിൽ നിന്ന് അധികരിച്ച് വിതരണം ചെയ്ത തുക 178275രൂപയും (11885x15) വിതരണം ചെയ്യാതെ സൂക്ഷിച്ചിരിക്കുന്ന ലാപ് ടോപ്പിന്റെ വിലയായ 41885 രൂപയും ഉൾപ്പെടെ 220160 രൂപ തടസ്സത്തിൽ വെക്കുന്നു.

തുടർ നടപടികൾ സ്വീകരിച്ച് റിപ്പോർട്ട് ചെയ്യേണ്ടതാണ്.

3-2 പദ്ധതിയുടെ വിഭവ സ്രോതസ്സായി തനത് ഫണ്ട് വകയിരുത്തൽ-യഥാർത്ഥ വരവുമായി പൊരുത്തപ്പെടുന്നില്ല.

തനത് ഫണ്ട് പദ്ധതിയുടെ വിഭവ സ്രോതസ്സായി വകയിരുത്തുന്ന വേളകളിൽ കേരള പഞ്ചായത്തിരാജ് മുനിസിപ്പാലിറ്റി ആക്ടുകളിലേയും ബന്ധപ്പെട്ട ചട്ടങ്ങളിലേയും വ്യവസ്ഥകൾ പ്രകാരം തനത് / ജനറൽ പർപ്പസ് ഫണ്ടിൽ നിന്നും ചെലവഴിക്കേണ്ടതായ വികസനേതര ചെലവുകൾ, എസ്റ്റാബ്ലിഷ് മെന്റ് ചെലവുകൾ, കണ്ടിജെന്റ് ചെലവുവുകൾ, മറ്റ് അനിവാര്യ പൊതുചുമതലകൾ നിറവേറ്റുന്നതിനായി വേണ്ടിവരുന്ന ആവർത്തന സ്വഭാവമുള്ള ചെലവുകൾ, ശുചീകരണം, വെള്ളക്കരം അടയ്ക്കൽ , സ്ട്രീറ്റ് ലൈറ്റ്, കുടിവെള്ള വിതരണം എന്നിവയുടെ മെയിന്റെനൻസ്, അടിയന്തിര പ്രവർത്തികൾക്കും പെറ്റി വർക്കുകൾക്കും വേണ്ടിവരുന്ന ചെലവുകൾ എന്നിവയ്ക്ക് ആവശ്യമായ തുക ബജറ്റിൽ മാറ്റിവച്ചശേഷം മിച്ചമുള്ള തുകയാവണം തനത് ഫണ്ട് എന്ന സ്രോതസ്സായി പദ്ധതിയിൽ ഉൾപ്പടുത്തേണ്ടത്.തച്ചനാട്ടുകര ഗ്രാമ പഞ്ചായത്തിന്റെ വാർഷിക കണക്കുകൾ പരിശോധിച്ചതിൽ 2015-16 സാമ്പത്തിക വർഷത്തിൽ തനതു ഫണ്ട് വരവ് 3083265രൂപയാണ് എന്നാൽ തൻ വർഷത്തിൽ വിവിധ പദ്ധതികൾക്കായി ആകെ 51,69,000 രൂപ തനതുഫണ്ട് വിഹിതമായി വകയിരുത്തിയെങ്കിലും 19,77,276 രൂപ മാത്രമാണ് ചെലവഴിച്ചിട്ടുള്ളത്. യാഥാർത്ഥ്യബോധമില്ലാതെ വലിയ തുക തനതുഫണ്ടായി വകയിരുത്തുന്നപക്ഷം ഫണ്ടിന്റെ അപര്യാപ്ത്തതമൂലം പദ്ധതി വിഭാവനം ചെയ്ത രീതിയിൽ പൂർത്തീകരിക്കാൻ കഴിയാത്ത സാഹചര്യം ഉണ്ടാകുമെന്നതിനാൽ ഭാവിയിൽ ഇത്തരം അപാകങ്ങൾ കർശനമായും ഒഴിവാക്കേണ്ടതാണ്.

3-3 മുഴുവൻ തെരുവു വിളക്കുകൾക്കും മീറ്ററിംങ് സംവിധാനം ഏർപ്പെടുത്തേണ്ടതാണ്.

ജി.ഒ.(എം.എസ്.)34/2003/പി.ഡി./2-12-2003 പ്രകാരം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ തെരുവു വിളക്കുകൾക്ക് മീറ്റർ സ്ഥാപിച്ച് വൈദ്യുതി നൽകാൻ സർക്കാർ അനുമതിയുണ്ട്. ഗ്രാമ പഞ്ചായത്തിൽ 2015-16 സാമ്പത്തിക വർഷത്തിൽ ഇലക്ട്രിസിറ്റി ചാർജ്ജിനത്തിൽ പ്രതിമാസം 63271 രൂപ പ്രകാരം ആകെ 759252 KSEB ക്ക് അടവാക്കിയിട്ടുണ്ട്. (ആഗസ്റ്റ് മാസത്തെ വൈദ്യുതകരം ഹെഡ്ഡ് മാറി ഓഫീസ് വൈദ്യുതി ചാർജ്ജിലാണ് ചേർത്തിട്ടുള്ളത്). പഞ്ചായത്തിൽ പരിപാലിച്ചുവരുന്ന തെരുവു വിളക്കുകളുടെ വിവരം കാണിക്കുന്ന രജിസ്റ്റർ പ്രകാരം പഞ്ചായത്തിലുള്ള വിളക്കുകളുടെ വിവരം ചുവടെ ചേർക്കുന്നു.

ക്രമ നം	വൈദ്യുതി വിളക്കിന്റെ തരം	വാട്ടേജ്	എണ്ണം
1	ഓഡിനറി ബൾബ്	40	330
2	ട്യൂബ് ലൈറ്റ്	40	1
3	ട്യൂബ് ലൈറ്റ് സെറ്റ്	80	50
4	സോഡിയം വേപ്പർ ലാമ്പ്	250	71
5	സി.എഫ്.എൽ (2x11)	22	328
6	സി.എഫ്.എൽ (2x15)	30	120

കേരള സംസ്ഥാന വൈദ്യുതി ബോർഡുമായി ചേർന്ന് സംയുക്ത പരിശോധന നടത്തി പ്രവർത്തിക്കുന്ന വിളക്കുകളുടെ വിവരം തിട്ടപ്പെടുത്തിയിട്ടില്ല. ഇതേ കാലയളവിൽ പ്രൊജക്ട് നം 239/16 "തെരുവു വിളക്കുകൾക്ക് അറ്റകുറ്റപ്പണി" എന്ന പദ്ധതിയിൽ 300000 രൂപ തെരുവു വിളക്ക് റിപ്പയറിങ്ങിനായി ചെലവഴിച്ചിട്ടുണ്ടെങ്കിലും ഓഡിനറി ബൾബുകളൊന്നും വാങ്ങി സ്ഥാപിച്ചിട്ടില്ല. കഴിഞ്ഞ 3 വർഷത്തിലും മാറ്റി സ്ഥാപിച്ച ബൾബുകളിൽ ഓഡിനറി ബൾബുകൾ ഇല്ല. ആ നിലയ്ക്ക് KSEB 40 വാട്ടിന്റെ 330 ബൾബുകൾക്ക് ഈടാക്കുന്ന വൈദ്യുത കരം അംഗീകരിക്കാവുന്നതല്ല. ആകയാൽ കേരള സംസ്ഥാന വൈദ്യുതി ബോർഡുമായി ചേർന്ന് അടിയന്തിരമായി സംയുക്ത പരിശോധന നടത്തി പ്രവർത്തിക്കുന്ന വിളക്കുകളുടെ വിവരം നിർണ്ണയിക്കേണ്ടതും, ഊർജ്ജ ഉപഭോഗം കുറവുള്ള LED/CFL വിളക്കുകൾ ഘടിപ്പിച്ച് മുഴുവൻ സ്ട്രീറ്റ് ലൈറ്റുകളേയും മീറ്ററിംങ് സംവിധാനത്തിന്റെ കീഴിൽകൊണ്ടുവരേണ്ടതുമാണ്. അതോടൊപ്പം വൈദ്യുത വിളക്കുകളുടെ ഇനംതിരിച്ചുള്ള കൃത്യമായ കണക്ക് തയ്യാറാക്കി പഞ്ചായത്തിൽ സൂക്ഷിക്കേണ്ടതും കാലാകാലങ്ങളിൽ വരുന്ന മാറ്റത്തിനനുസരിച്ച് രജിസ്റ്റർ പുതുക്കേണ്ടതുമാണ്. വിളക്കുകൾക്ക് ആനുവൽ മെയിന്റെനൻസ് കോൺട്രാക്ട് ഉള്ളതിനാൽ വാറണ്ടി കാലയളവിൽ തകരാറാവുന്ന ബൾബുകൾ കൃത്യമായിതന്നെ മാറ്റി വാങ്ങേണ്ടതും പുതിയവ വാങ്ങുന്നില്ലെന്ന് ഉറപ്പു വരുത്തേണ്ടതുമാണ്.

3-4 ആശ്രയ പദ്ധതി- അവലോകനം

ഗ്രാമപഞ്ചായത്തിലെ അഗതി കുടുംബങ്ങളുടെ സമഗ്ര വികസനം ലക്ഷ്യമിട്ട് ആസൂത്രണം ചെയ്ത് 2010 ൽ അംഗീകാരം ലഭിച്ച ഒന്നാംഘട്ട ആശ്രയ പദ്ധതിയിൽ വിഭാവനംചെയ്തിരുന്ന പ്രവർത്തനങ്ങൾ താഴെ പറയും പ്രകാരമാണ്.

ആവശ്യകതാ ഘടകങ്ങൾ	ഗുണഭോക്തൃ കുടുംബങ്ങളുടെ എണ്ണം	സേവനം ലഭ്യമായവരുടെ എണ്ണം	സേവനം ലഭ്യമാകാത്തവരുടെ എണ്ണം	റിമാർക്സ്
വീട് വെക്കാൻ സ്ഥലം	12	8	4	മറ്റ് ഭവന നിർമ്മാണ പദ്ധതികളുടെ ഭാഗമായി സേവനം ലഭ്യമാക്കിയതായി അറിയിച്ചു. ആയതിന് പ്രത്യേകമായി വിവരങ്ങൾ സൂക്ഷിച്ചിട്ടില്ല.
ഭവന നിർമ്മാണം	40	30	10	
വീട് പുനരുദ്ധാരണം	38	38	0	

വകയിരുത്തിയ തുക

ഫണ്ട് ഇനം	തുക	സി.ഡി.എസ് അക്കൗണ്ടിൽ ലഭ്യമായ തുക	ചെലവഴിച്ചത്	ബാക്കി
പദ്ധതി വിഹിതം (ജനറൽ, എസ്.സി.പി, പഞ്ചായത്ത് വിഹിതം, ജില്ലാ പഞ്ചായത്ത് വിഹിതം)	0	0	0	0
കുടുംബശ്രീ ചലഞ്ച് ഫണ്ട്	1000000	1500000	795520	1075977
മറ്റുള്ളവ	0	0	0	0
ആകെ	1000000	1500000	795520	107597

ഒന്നാംഘട്ടം- തുടർസേവന പദ്ധതി

ഒന്നാം ഘട്ട പ്രവർത്തനങ്ങളുടെ സമയപരിധി അവസാനിച്ച ശേഷവും സേവനങ്ങൾ ലഭ്യമാകാൻ ബാക്കിയുണ്ടായിരുന്ന ഗുണഭോക്താക്കളുടെ വിശദാംശങ്ങൾ ശേഖരിക്കുന്നതിന് റി-വിസിറ്റ് നടത്തിയില്ല. ഇക്കാരണത്താൽ ഒന്നാം ഘട്ട പ്രവർത്തനങ്ങൾക്ക് തുടർ സേവന പദ്ധതി തയ്യാറാക്കി അംഗീകാരം വാങ്ങാൻ കഴിഞ്ഞില്ല. പ്രസ്തുത ഗുണഭോക്താക്കൾ നിലവില്ല പാതിവഴിയിൽ ഉപേക്ഷിക്കപ്പെട്ട അവസ്ഥയിലാണ്. 2015-16 വർഷത്തിൽ ആശ്രയ പദ്ധതിക്കുവേണ്ടി തുക വകയിരുത്തിയിട്ടില്ല. ആശ്രയ ഭവന നിർമ്മാണം എന്ന പദ്ധതിയിൽ (പ്രൊ.നം-35/2015-16) 850000 രൂപ വകയിരുത്തി ചെലവഴിച്ചിട്ടുണ്ട്.

ഗ്രാമ പഞ്ചായത്തിൽ രണ്ടാംഘട്ട പദ്ധതി നാളിതുവരെ ആരംഭിച്ചിട്ടില്ല. മറ്റ് പദ്ധതികൾക്ക് അംഗീകാരം ലഭിക്കുന്നതിനുവേണ്ടി മാത്രം നിർബന്ധിത പദ്ധതി എന്ന നിലയിൽ ആശ്രയ പദ്ധതി തയ്യാറാക്കി അംഗീകാരം നേടുകയും തുക യഥാസമയം ചെലവഴിക്കാതിരിക്കുകയും ചെയ്യുന്നത് ശരിയായ നടപടിയല്ല.

ആശ്രയ പദ്ധതിയുടെ സുതാര്യമായ നടത്തിപ്പ് ഉറപ്പാക്കുന്നതിന് ഭരണ സമിതിയുടെ പ്രത്യേക ശ്രദ്ധക്ഷണിക്കുന്നു.

3-5 ഭവന നിർമ്മാണം പൂർത്തിയാക്കുന്നതിന് നടപടി സ്വീകരിക്കണം

2015-16 വർഷത്തെ ഓഡിറ്റിനോടുബന്ധിച്ച് രേഖകൾ പരിശോധിച്ചതിൽ വിവിധ ഭവന നിർമ്മാണ പദ്ധതികളിലെ ഗുണഭോക്താക്കൾ നിർമ്മാണം പൂർത്തിയാക്കാൻ ബാക്കിയുണ്ടെന്ന് കാണുന്നു. വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

ക്രമനം	ഗുണഭോക്താവിന്റെ പേര്	കൈപ്പറ്റിയ ആകെ തുക	കൈപ്പറ്റാൻ ബാക്കി നിൽക്കുന്ന തുക	അവസാനം തുക കൈപ്പറ്റിയതിയ്യതി	പദ്ധതിയുടെ വിവരം
1	മുഹമ്മദ്അലി, s/o മായിൻകുട്ടി, കുണ്ടൂർ കുന്ന്	70000	30000	1.10.2016	ഭവന നിർമ്മാണം-ജനറൽ രണ്ടാംഘട്ടം 2015-16
2	രജനി w/o ശങ്കരൻ കുണ്ടൂർകുന്ന്	70000	30000	31.10.2016	ടി
3	ശാരദ D/O ചാത്തു	30000	70000	21.4.2016	ടി

	പുളിക്കുഞ്ഞേരി, പാലോട്				
4	ശ്രീദേവി പുരുഷോത്തമൻ	70000	30000	3.10.15	വനിത ഭവനം-2014-15
5	സരള w/oസുധാകരൻ വാഴേക്കാട് വീട്, നാട്ടുകൽ	30000	70000	28.3.16	ടി
6	പ്രകാശൻ, S/O ചാമി ചെത്തല്ലൂർ	90000	10000	21.4.16	ഭവന നിർമ്മാണം-ജനറൽ രണ്ടാംഘട്ടം 2014-15
7	സാഹിറാബി w/oഅബ്ദുൾ മജീദ്, കരിമ്പനക്കൽ	90000	10000	31.10.15	ടി
8	മുഹമ്മദ് S/O മൊയ്തു, ചെത്തല്ലൂർ	70000	30000	11.9.15	ടി
9	അബ്ദുൾ ലത്തീഫ് S/O സെയ്തലവി	70000	30000	31.10.16	ടി
10	ഫത്തനിയ്യ w/o മുഹമ്മദ് മുസ്തഫ, പാലോട്	70000	30000	3.12.16	ടി

ഭവന നിർമ്മാണം പൂർത്തിയാക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

ഭാഗം -4
പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും
പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

4-1 സംയുക്ത പദ്ധതികൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

വിഹിതം നൽകിയ സ്ഥാപനം	ലഭിച്ച തുക	പദ്ധതി പേര്,നം	ചെലവഴിച്ച തുക	നീക്കിയിരിപ്പ്
ജില്ലാ പഞ്ചായത്ത്	105000	25/15-16 നെൽകൃഷിക്ക് ഉഴവ് കൂലി നൽകൽ	105000	0
ബ്ലോക്ക് പഞ്ചായത്ത്	63000	ടി	63000	0
ജില്ലാ പഞ്ചായത്ത്	125000	ഭിന്നശേഷിക്കാർക്ക് സ്കോളർഷിപ്പ്	125000	0

4-2 നിക്ഷേപ പ്രവർത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെ വിവരം താഴെ ചേർക്കുന്നു.

നിർവ്വഹണ ഏജൻസി	പ്രവൃത്തിയുടെ പേര്	വൗച്ചർ നമ്പർ	തുക	ചെലവഴിച്ച തുക	പൂർത്തീകരിച്ച വിവരം	ബാക്കി തുക
കെ.എസ്.ഇ.ബി	ആലിക്കൽ കോളനി തള്ളച്ചിറ പുന്തുരുത്തി ലൈൻ മാറ്റൽ	21500136/ 1.6.15	9192	9192	പൂർത്തീകരണ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല.	9192
ടി	തള്ളക്കുറുമാലി കുടിവെള്ള പദ്ധതിക്ക് പുതിയ കണക്ഷൻ	20500137/ 1.6.15	4200	4200	പൂർത്തീകരണ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല.	4200
ടി	ചെത്തല്ലൂർ പനങ്കുറ്റിശ്ശിക്കാവ് ഭാഗത്ത് പോസ്റ്റ് മാറ്റൽ	21500249/ 16.7.15	22215	22215	പൂർത്തീകരിച്ചു	0

4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് ക്രമീകരിയ്ക്കാൻ അവശേഷിക്കുന്നത്

ഒന്നുമില്ല

4-4 വായ്പ

(i)വായ്പ/വിനിയോഗം/വീഴ്ചകൾ എന്നിവയുടെ വിവരം.

ക്രമ നം.	2015-16 ൽ ലഭിച്ച വായ്പ	ഉദ്ദേശ്യം	നിശ്ചിത കാലാവധിയിൽ ചെലവഴിച്ച തുക	വിനിയോഗിയ്ക്കാൻ അവശേഷിയ്ക്കുന്നത്	ഉദ്ദേശ്യ ലക്ഷ്യം നേടിത് സംബന്ധിച്ച വിവരം.
തൻവർഷം വരവില്ല					

(ii) വായ്പ തിരിച്ചടവിന്റെ വിവരം.

ക്രമ നം.	വായ്പയുടെ ഉദ്ദേശ്യം	ഉത്തരവ്നം, തിയതി	വായ്പ തുക	തിരിച്ചടയ്ക്കാനുള്ള മുൻബാക്കി	തൻവർഷം അടച്ചത്		വർഷാവസാന ബാക്കി (31.3.16)
					മുതൽ	പലിശ	

1	EMS ഭവന പദ്ധതി	-	-	3441032	2000000	-	1441032

4-5 സ്ഥിരനിക്ഷേപങ്ങൾ

ഇല്ല

4-6 ഓഡിറ്റ് റിക്കവറി

ഓഡിറ്റ് റിക്കവറിയിനത്തിൽ തൻവർഷം രൂപ ഈടാക്കിയിട്ടുണ്ട്. വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

റിപ്പോർട്ട് വർഷം	ഭാഗം/ ഖണ്ഡിക	ഈടാക്കിയ തുക	ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും	രസീത് നം,തിയതി
2012-13	ഭാഗം-2	508	ലഭ്യമായില്ല	11502102643/2.12.2015
		868	-ടി-	11502102760/11.12.15

4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

ഗ്രാമപഞ്ചായത്തിന്റെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടികളിൽ 1994ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പു 23 പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

ഓഡിറ്റ് വർഷം	ഖണ്ഡിക	സമാഹൃത റിപ്പോർട്ട് വർഷം	ഖണ്ഡിക	വിഷയം	ഇപ്പോഴത്തെ അവസ്ഥ
			ഇല്ല		

4-8 ആശുപത്രി വികസന സമിതികളുടെ കണക്കുകൾ

2010-ലെ കേരള പഞ്ചായത്ത് പൊതുജനാരോഗ്യ സ്ഥാപനങ്ങൾക്ക് വേണ്ടിയുള്ള മാനേജിംഗ് കമ്മിറ്റികൾ ചട്ടങ്ങളിലെ ചട്ടം 9(3)പ്രകാരം പ്രകാരം ഗ്രാമ പഞ്ചായത്ത് ആശുപത്രി വികസന ഫണ്ട് വർഷത്തിലൊരിക്കൽ ചാറ്റേർഡ് അക്കൗണ്ടിനെക്കൊണ്ട് ഓഡിറ്റ് ചെയ്യിക്കേണ്ടതാണ്. ഗ്രാമ പഞ്ചായത്തിൻെറ പരിധിയിൽ നിലവിലുള്ള ആശുപത്രികളുടെ വിവരം താഴെ ചേർക്കുന്നു.

ക്രമ നം	ആശുപത്രി കളുടെ പേര്	മാനേജിംഗ് കമ്മിറ്റി രൂപീകരിച്ച വർഷം / തീയ്യതി	വാർഷിക കണക്ക് ഓഡിറ്റിന് സമർപ്പിച്ച തിൻെറ വിവരം		മുൻ ഓഡിറ്റ്	ഓഡിറ്റ് റിപ്പോർട്ട് പുറപ്പെടു വിച്ച വിവരം	ചാർറ്റേർഡ് അക്കൗ ണ്ടന്റ് ഓഡിറ്റ് ചെയ്ത വാർഷിക കണക്കി ൻെറ വിവരം	റിമാർക്ക്സ്
			വർഷം	തീയ്യതി				
1	2	3	4	5	6	7	8	9
				വിശദാംശങ്ങൾ ലഭ്യമായില്ല				

4-9 ഓഡിറ്റ് പ്രത്യവലോകനം

എ) സംക്ഷിപ്ത വിവരം

ഓഡിറ്റ് വർഷത്തെ ആകെ വരവ്	48037676
ഓഡിറ്റ് വർഷത്തെ ആകെ ചെലവ്	59598488
വരവിനങ്ങളിലുള്ള നഷ്ടം	ഇല്ല
ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക	
ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക	

ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിൻെറ വിവരം

ഖണ്ഡിക നമ്പർ	നഷ്ടമായ തുക	ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും
3-1(എ)	41885	ശ്രീ.പി.സിഫി അസിസ്റ്റന്റ് സെക്രട്ടറി

ക്രമാനുസാരമാക്കാൻ കഴിയുന്ന ഓഡിറ്റ് തടസ്സങ്ങൾ

ഖണ്ഡിക നമ്പർ	നഷ്ടമായ തുക	ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും
	ഇല്ല	

സാധൂകരിക്കാവുന്ന ഓഡിറ്റ് പരാമർശങ്ങൾ

ഖണ്ഡിക നമ്പർ	നഷ്ടമായ തുക	ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും
	ഇല്ല	

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

ഖണ്ഡിക നമ്പർ	തുക	ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും
3-1(ബി)	220160	ശ്രീ.പി.സിഫി, അസി.സെക്രട്ടറി

സി) കേന്ദ്ര – സംസ്ഥാന സർക്കാരുകൾ , മറ്റു സ്ഥാപനങ്ങൾ എന്നിവയ്ക്കുണ്ടായ നഷ്ടത്തിൻെറ വിവരം

ഒന്നുമില്ല

ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഒന്നുമില്ല

ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

പേരും ഉദ്യോഗപ്പേരും	ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം.	സ്ഥിരം മേൽവിലാസം
ശ്രീ.പി. സിഫി അസിസ്റ്റന്റ് സെക്രട്ടറി	അസിസ്റ്റന്റ് സെക്രട്ടറി തച്ചനാട്ടുകര ഗ്രാമ പഞ്ചായത്ത്	

4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

ഓഡിറ്റ് വർഷം	ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ	തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം

	കത്തിടപാടിന്റെ വിവരം	
1981-82	L.F.P(7)/445/88/18.6.88	എല്ലാ ഖണ്ഡികകളും.
1982-83	L.F.P(7)/445/88/18.6.88	എല്ലാ ഖണ്ഡികകളും.
1983-84	L.F.P(7)/851/88/8.2.89	എല്ലാ ഖണ്ഡികകളും.
1984-85	L.F.P(7)/224/92/22.3.93	എല്ലാ ഖണ്ഡികകളും.
1985-86	L.F.P(7)/1293/92/22.3.93	എല്ലാ ഖണ്ഡികകളും.
1986-87	L.F.P(7)/1293/92/22.3.93	എല്ലാ ഖണ്ഡികകളും.
1987-88	L.F.P(7)/395/94/5.8.94	എല്ലാ ഖണ്ഡികകളും.
1988-89	L.F.P(7)/395/94/5.8.94	എല്ലാ ഖണ്ഡികകളും.
1989-90	L.F.P(7)/1443/94/5.8.94	എല്ലാ ഖണ്ഡികകളും.
1990-91	L.F.P(7)/1443/94/5.8.94	എല്ലാ ഖണ്ഡികകളും.
1991-92	L.F.P(7)/210/96/2.6.98	എല്ലാ ഖണ്ഡികകളും.
1992-93	L.F.P(7)/210/96/2.6.98	എല്ലാ ഖണ്ഡികകളും.
1993-94	L.F.P-(9)/1331/07/28.7.08	എല്ലാ ഖണ്ഡികകളും.
1994-95	L.F.P-(9)/1332/07/28.7.08	എല്ലാ ഖണ്ഡികകളും.
1995-96	L.F.P-(9)/1333/07/28.7.08	എല്ലാ ഖണ്ഡികകളും.
1996-97	L.F.P-(9)/1334/07/28.7.08	എല്ലാ ഖണ്ഡികകളും.

1997-98	L.F.P-(9)/1335/07/28.7.08	എല്ലാ ഖണ്ഡികകളും.
1998-99	L.F.P-(9)/1336/07/28.7.08	എല്ലാ ഖണ്ഡികകളും.
1999-00	L.F.P-(9)/1337/07/28.7.08	എല്ലാ ഖണ്ഡികകളും.
2000-01	L.F.P-(9)/1338/07/28.7.08	എല്ലാ ഖണ്ഡികകളും.
2001-02	L.F.P-(9)/1339/07/28.7.08	എല്ലാ ഖണ്ഡികകളും.
2002-03	L.F.P-(9)/427/09/7.12.09	എല്ലാ ഖണ്ഡികകളും.
2003-04	L.F.P-(9)/428/09/7.12.09	എല്ലാ ഖണ്ഡികകളും.
2004-05	L.F.P-(9)/429/09/7.12.09	എല്ലാ ഖണ്ഡികകളും.
2005-06	L.F.P-(9)/430/09/7.12.09	എല്ലാ ഖണ്ഡികകളും.
2006-07	L.F.P-(9)/431/09/7.12.09	എല്ലാ ഖണ്ഡികകളും.
2007-08	L.F.P-(9)/1971/11/16.12.11	എല്ലാ ഖണ്ഡികകളും.
2008-09	L.F.P-(9)1972/11/16.12.11	എല്ലാ ഖണ്ഡികകളും.
2009-10	L.F.P-(9)/1973/11/16.12.11	എല്ലാ ഖണ്ഡികകളും.
2010-11	L.F.P-(9)/1350/13/16.12.13	എല്ലാ ഖണ്ഡികകളും.
2011-12	L.F.P-(9)/2258/14/24.3.15	എല്ലാ ഖണ്ഡികകളും.
2012-13		എല്ലാ ഖണ്ഡികകളും.
2013-14		എല്ലാ ഖണ്ഡികകളും.

ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
പാലക്കാട്

അനുബന്ധം 1
ഓഡിറ്റ് സർട്ടിഫിക്കറ്റ്

നം. കെ.എസ്.എ-പികെഡി9/120 /2017

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം

പാലക്കാട്

ഫോൺ - 04912420145

e-mail – dopkd.ksad@kerala.gov.in

തിയതി - 31-01-2017

ഓഡിറ്റ് സർട്ടിഫിക്കറ്റ്

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 4-ാം വകുപ്പ് , 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ 215-ാം വകുപ്പ്, ബന്ധപ്പെട്ട ചട്ടങ്ങൾ ഇവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാന്റേർഡുകൾ അവലംബിച്ചും പാലക്കാട് ജില്ലയിലെ തച്ചനാട്ടുകര ഗ്രാമപഞ്ചായത്തിന്റെ 2015-16 വർഷത്തെ വാർഷിക ധനകാര്യ സ്റ്റേറ്റ്മന്റ് പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ അഭിപ്രായത്തിൽ തച്ചനാട്ടുകര ഗ്രാമപഞ്ചായത്തിന്റെ 2015-16 ലെ വാർഷിക ധനകാര്യപത്രിക, വരവ്-ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ

No. KSA-PKD9/120/2017

Kerala State Audit Department

District Audit Office

Palakkad

Tel. 04912520145

E-mail – dopkd.ksad@kerala.gov.in

Date –31-01-2017

Audit Certificate

Certified that I have audited the Annual Financial Statement of Thachanattukara Gramapanchayat in Palakkad District for the year ended on 31-3-2016 in accordance with Section 4 of the Kerala Local Fund Audit Act 1994, Section 215 of the Kerala Panchayat Raj Act 1994, the rules made there under and guidelines issued by the Comptroller and Auditor General of India for the purpose of audit of accounts of Panchayat Raj Institutions.

In my opinion, the Financial Statements of Thachanattukara Gramapanchayat for the year 2015-16 properly presents the picture of income and expenditure.

Deputy Director